# പതിമൂന്നാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1637 — 15/02/2016 ൽ മറുപടിയ്ക്ക്.

### ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു. കുരുവിള: | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിന് വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പരാതിയിൻമേലും പരാതിയില്ലാതെയും ഗ്രാമപഞ്ചായത്തുകളിൽ ആകസ്മിക പരിശോധന നടത്തിയും ആകസ്മിക പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് എതിരായി നടപടി സ്വീകരിക്കുകയും ഗുരുതരമായ കേസുകളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ പഞ്ചായത്ത് വകുപ്പിലെ ചീഫ് വിജിലൻസ് ഓഫീസറായ പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ വിജിലൻസ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. ധന വിനിയോഗം സംബന്ധിച്ച് സംസ്ഥാന ധനകാര്യ പരിശോധനാ വിഭാഗവും പരിശോധന നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യാത്തവരുടെ പേരിൽ പണം എഴുതി വാങ്ങൽ, പദ്ധതി നിർവ്വഹണങ്ങളിലെ കെടുകാര്യസ്ഥത തുടങ്ങിയവ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ത്രിതല പഞ്ചായത്തുകൾക്ക് മതിയായ ജീവനക്കാരെ അനുവദിക്കുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുമോ? | (സി) | ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി 990 ക്ലാർക്ക് തസ്തികകളും 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ മുഖാന്തിരം വികസിപ്പിച്ച സേവന സിവിൽ രജിസ്ട്രേഷൻ, സേവന പെൻഷൻ, സഞ്ചയ, സൂചിക, സങ്കേതം എന്നീ വെബ് അധിഷ്ഠിത ആപ്ലിക്കേഷനുകൾ വഴി വിവിധ പൗരസേവനങ്ങൾ ഓൺലൈനായി നൽകിവരുന്നു. സേവന( സിവിൽ രജിസ്ട്രേഷൻ) ആപ്ലിക്കേഷൻ മുഖാന്തിരം www.cr.lsg.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഇലക്ട്രോണിക്സ് ആയി രജിസ്റ്റർ ചെയ്യുന്ന എല്ലാ ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യെടുക്കാൻ സാധിക്കുന്നു. 1970 മുതൽ കൈയെഴുത്തായി നിർവഹിച്ചിട്ടുള്ള സിവിൽ രജിസ്ട്രേഷൻ രേഖകൾ ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾ പൂർത്തിയായി. ആയതിനാൽ എല്ലാ ജനന മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും പൊതു ജനങ്ങൾക്ക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ കഴിയുന്നതാണ്. സേവന (പെൻഷൻ) സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം നടത്തുന്നതിനുള്ള ആപ്ലിക്കേഷനാണ്. എസ്.ബി അക്കൗണ്ട് മുഖാന്തിരവും ഇ.എം.ഒ മുഖേനയും പെൻഷനുകൾ പ്രോസസ് ചെയ്ത് ടി സോഫ്റ്റ് വെയറിലൂടെ വിതരണം ചെയ്യാൻ സാധിക്കുന്നു. |

www.welfarepension.lsg.kerla.gov.in എന്ന വെബ്സൈറ്റിലൂടെ പെൻഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭ്യമാണ്. സഞ്ചയ ആപ്ലിക്കേഷനിലൂടെ ഓൺ ലൈനായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും വസ്തു നികുതി അടയ്ക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനവും www. tax.lsg. Kerala.gov.in എന്ന വെബ്സൈറ്റിലൂടെ അറിയാൻ സാധിക്കുന്നു. ജനന മരണ വിവാഹ രജിസ്ട്രേഷനുകൾ അനുബന്ധ സർട്ടിഫിക്കറ്റുകൾ, വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, വസ്തു നികുതി, ഇ പെയ്മെന്റ് ഫയൽ തൽസ്ഥിതി വിവരങ്ങൾ തുടങ്ങിയ സേവനങ്ങൾ ഈ ആപ്ലിക്കേഷനിലൂടെ ലഭ്യമാക്കുന്നു. ഗ്രാമ പഞ്ചായത്തുകളിൽ കംപ്യൂട്ടർവൽക്കരണത്തിനായി ആവശ്യമുള്ള കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ